പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 400

26.06.2014 -ൽ മറുപടിയ്ക്ക്

## ഹോട്ടലുകളിലെ അമിത വില

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ബി. സത്യൻ<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ. കെ. കെ. നാരായണൻ<br>ശ്രീ. സി. കെ. സദാശിവൻ | | ശ്രീ.അനൂപ് ജേക്കബ്<br>(ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| (എ) | ഹോട്ടലുകളിൽ ഭക്ഷണപദാർത്ഥങ്ങൾക്ക് അമിതമായി വില ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഹോട്ടൽ ഭക്ഷണത്തിന് അമിതവില ഈടാക്കുന്നു എന്നുള്ള പരാതികൾ ലഭിക്കാറുണ്ട്. |
| (ബി) | ഇതുതടയുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കപ്പെടുന്നില്ല എന്ന പരാതി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (ബി) | ഉണ്ട്. ഹോട്ടൽ ഭക്ഷണത്തിന് വില നിയന്ത്രിക്കുവാൻ നിലവിൽ നിയമമില്ല. എന്നാൽ ഹോട്ടലുകളിൽ ഭക്ഷണവില പ്രദർശിപ്പിക്കണമെന്നുള്ള നിയമം കർശനമായി നടപ്പിലാക്കുന്നുണ്ട്. വിലവിവരം പ്രദർശിപ്പിക്കാത്ത ഹോട്ടൽ ഉടമകൾക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കാറുണ്ട്. |
| (സി) | ഈ രംഗത്തെ ചൂഷണം തടയുന്നതിനായി മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച മാവേലി ഹോട്ടലുകളുടെ പ്രവർത്തനം നിലച്ചിട്ടുണ്ടോ ; കാരണം വിശദമാക്കുമോ ? | (സി) | മാവേലി ഹോട്ടലുകൾ പ്രവർത്തനം ആരംഭിച്ചിരുന്നുവെങ്കിലും നിലവിൽ തിരുവനന്തപുരം ജില്ലയിൽ ഒരു മാവേലി ഹോട്ടൽ മാത്രമാണ് പ്രവർത്തിക്കുന്നത്. മാവേലി ഹോട്ടലുകൾ പ്രവർത്തിക്കുന്നതിനാവശ്യമായ ഭക്ഷ്യധാന്യങ്ങൾ 8/09 മുതൽ 24/06/11 വരെ സപ്ലൈകോയിൽ നിന്നും നൽകിയിരുന്നു. എന്നാൽ ഫണ്ടിന്റെ അപര്യാപ്തത കാരണം ഇപ്പോൾ വിതരണം നിർത്തിവെച്ചിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ